KUTTIPPURAM Sub dist.

# Silent Bells

ഫസ്റ്റ്ബെൽ – അനുബന്ധ പഠനസഹായകസാമഗ്രി

PLAY

| Class: X | Subject: Malayalam AT | Date: 19-10-20 | Worksheet No: 15 |
|---|---|---|---|

**Lesson & LO: വിശ്വരൂപം**

1. "മാഡം താങ്കൾ ഇന്ത്യക്കാരി അല്ലേ..? ഞാൻ ഇന്ത്യയിൽ ജീവിക്കാൻ ആഗ്രഹിക്കുന്നു മാഡം. ഇന്ത്യ എന്ത് നല്ല നാടാണ് " മാഡം തലത്ത് ന്യൂയോർക്കിലെ പാർക്കിൽ വച്ച് കണ്ടു മുട്ടുന്ന വൃദ്ധന്റെ വാക്കുകളാണിവ. ഈ വാക്കുകളിൽ തെളിയുന്ന സൂചനകൾ എന്തെല്ലാം?

സൂചനകൾ: കുടുംബ ബന്ധത്തെ മഹത്തരമായി കാണുന്ന ഭാരതീയ സംസ്കാരം..(കഥാകൃത്ത് എം മുകുന്ദൻ അനുഭവക്കുറിപ്പ്..), ഇന്ത്യൻ സംസ്കാരവും പാശ്ചാത്യ സംസ്കാരവും തമ്മിലുള്ള വ്യത്യാസങ്ങൾ ...

2. "പക്ഷേ നിങ്ങൾ ഒന്ന് ഓർക്കുക സുധീർ.. നിങ്ങളുടെ വരാൻപോകുന്ന ഭാര്യയോട് പറയൂ, കുട്ടികളെ ഒരിക്കലും ബോർഡിങ്ങിൽ അയക്കരുത് എന്ന്. അവരെ അമ്മതന്നെ വളർത്തണം, ലാളിക്കയും ..കൂട്ടുകൂടുകയും വേണം. എങ്കിലേ അമ്മ എന്നത് കുട്ടികളുടെ ഒരുഭാഗവും കുട്ടികൾ അമ്മയുടെ ഒരു ഭാഗവുമായി തീരൂ.." മാഡം തലത്ത് സുധീറിന് കൊടുക്കുന്ന ഉപദേശമാണിത്. ഈ ഉപദേശത്തിന്റെ സമകാലികപ്രസക്തി കണ്ടെത്തുക.

സൂചനകൾ: മാഡംതലത്തിൻറെ വിദേശത്തുള്ള ഔദ്യോഗികജീവിതം.., സ്വന്തം അച്ഛനമ്മമാരെയോ കുട്ടികളെയോ പരിചരിക്കാൻ കഴിയാതിരുന്ന ജീവിത രീതി.., ജീവിത സായാഹ്നത്തിലെ ഏകാന്തവാസം--- അതിന് ഉണ്ടായ കാരണങ്ങൾ...

3. "കുട്ടികളെ അമ്മ തന്നെ വളർത്തണം. ശാസിക്കുകയും ലാളിക്കുകയും കൂട്ടുകൂടുകയും വേണം. എങ്കിലേ അമ്മ എന്നത് കുട്ടികളുടെ ഒരു ഭാഗവും കുട്ടികൾ അമ്മയുടെ ഒരു ഭാഗവുമായിത്തീരുകയുള്ളൂ "- മിസിസ് തലത്തിന്റെ ഈ അഭിപ്രായത്തിന്റെ പ്രസക്തിയെന്ത്?